# 78

# അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഇങ്ങനെ അപമാനിക്കരുത്

അന്ത്യോഖ്യയുടെ പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ കരീം പാത്രിയർക്കീസ് 2015 ഫെബ്രുവരി മാസത്തിൽ കേരളം സന്ദർശിക്കുക യാണ്. അദ്ദേഹത്തിനു രാജോചിതമായ സ്വീകരണം നൽകുന്നതിന്റെ മുന്നോടിയായി അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ടുള്ള ഫ്ളക്സ് ബോർഡുകൾ തെരുവോരങ്ങളിൽ ഉയർന്നുകഴിഞ്ഞു. *അതിഥി ദേവോ ഭവഃ* എന്നു വിശ്വസിക്കുന്ന കേരളത്തിൽ ഇതു സ്വാഭാവികം. പക്ഷേ അവയിൽ അപൂർവം ചിലതെങ്കിലും അദ്ദേഹത്തിന് അപമാനകരമാകുന്ന തരത്തിലുള്ളതായതാണ് ഇത്തരമൊരു പ്രതികരണത്തിനു ഹേതു. ഇവ യിൽ ചില സ്വാഗതവചനങ്ങളിൽ അദ്ദേഹത്തെ Prince Patriarch - *രാജ കുമാരൻ* - എന്നു വിശേഷിപ്പിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ സ്ഥാനത്തെ അപമാനിക്കുന്നതാണ്.

പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ, അന്ത്യോഖ്യൻ സുറിയാനി സഭയുടെ (The Syriac Orthodox Church of Antioch) പ്രധാന മേലദ്ധ്യ ക്ഷനും, പാത്രിയർക്കീസും, പ. പത്രോസിന്റെ ശ്ലൈഹിക സിംഹാസന ത്തിൽ ആരൂഢനുമാണ്. അദ്ദേഹം ആരുടേയും കീഴ്സ്ഥാനിയല്ല. അതി നാൽ അദ്ദേഹം രാജകുമാരനുമല്ല. രാജകുമാരനു മുകളിൽ മേൽസ്ഥാനി - രാജാവ് - കാണണമല്ലോ? അന്ത്യോഖ്യാ പാത്രിയർക്കീസിന് ഇഹ ലോകത്തിൽ മേൽസ്ഥാനിയില്ല. അതിനാൽ അദ്ദേഹത്തെ *രാജകുമാ രൻ* എന്നു വിശേഷിപ്പിക്കുന്നത് യഥാർത്ഥത്തിൽ അദ്ദേഹത്തെ പുക ഴ്ത്തുകയല്ല, മറിച്ച് ഇകഴ്ത്തുക യാണ് ചെയ്യുന്നത്.



റോമാ പാപ്പാ, റോമിലെ കിരീടം വെച്ച രാജാവായിരുന്ന കാലത്ത് അദ്ദേഹത്തിന്റെ കീഴ്സ്ഥാനികളും റോമിലെ മാടമ്പികളുമായിരുന്ന കർ ദ്ദിനാൾമാർക്ക് ലഭിച്ച വിശേഷണ മാണ് *സഭയുടെ രാജകുമാരൻ*. കോളനിവാഴ്ചകൾ റോമാ സഭയെ ലോകമെങ്ങും എത്തിക്കുകയും കർദ്ദിനാൾസ്ഥാനം മെത്രാന്മാർക്കു മാത്ര മായി പരിമിതപ്പെടുത്തുകയും ചെയ്ത വർത്തമാന കാലത്തും അവരെ അപൂർവമായി *സഭയുടെ രാജകുമാരൻ* എന്നു വിശേഷിപ്പിക്കാറുണ്ട്. പക്ഷേ എന്തായാലും അവർ റോമാപാപ്പായുടെ വെറും കീഴ്സ്ഥാനികൾ മാത്രമാണ്.

ശ്രേഷ്ഠപുത്ര ജനനം എന്ന അർത്ഥത്തിൽ *കലയുള്ള മക്കൾ ഉണ്ടാകട്ടെ* എന്നു ആശീർവദിക്കുന്ന പതിവ് മുമ്പ് കേരളത്തിൽ ഉണ്ടായിരുന്നു. സ്നേഹം മൂത്ത് ഒരാൾ ഇത് സംസ്കൃതീകരിച്ച് *ഖലന്മാരായ പുത്രന്മാരുണ്ടാകട്ടെ* എന്ന് ആശീർവദിച്ചത്രെ! *രാജകല* മുതലായ സൗഭാഗ്യയോഗങ്ങളാണ് *കലയുള്ള* എന്നതുകൊണ്ട് വിവക്ഷിക്കുന്നത് എന്ന് മേല്പടി വിദ്വാന് അറിയാമായിരുന്നെങ്കിലും ദുഷ്ടൻ, ക്രൂരൻ എന്നൊക്കെയാണ് *ഖലൻ* എന്ന വാക്കിന്റെ അർത്ഥം എന്ന് ആ സാധുവിന് അറിയില്ലായിരുന്നു. ഇതിലെ *ഖലൻ* പോലൊരു പ്രയോഗമാണ് Prince Patriarch.

1980-കളിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് അത്യുന്നത പദവി കല്പിച്ചുകൊടുക്കാൻ കേരളത്തിലെ ഏതോ വിദ്വാൻ കണ്ടുപിടിച്ച പ്രയോഗമാണ് Prince Patriarch. കുറേക്കാലം ഇത് പരക്കെ ഉപയോഗിച്ചിരുന്നു. അധികം താമസിയാതെ - ഈ പ്രയോഗത്തിലെ പൊരുത്തക്കേട് മനസിലാക്കിയിട്ടാണെങ്കിലും അല്ലെങ്കിലും - അപ്രത്യക്ഷമായി. പിന്നീട് ഇപ്പോഴാണ് വീണ്ടും രംഗത്തു വരുന്നത്.

പ. ഇഗ്നാത്തിയോസ് അപ്രേം ദ്വിതീയൻ Prince Patriarch ന് കേരളത്തിൽ സ്വീകരണം നൽകുന്ന സമിതികളുടെ ഔദ്യോഗിക പദപ്രയോഗമാണ് Prince Patriarch എന്നു തോന്നുന്നില്ല. കാരണം അത്തരം ബോർഡുകളിലൊന്നും ഈ വിശേഷണം കാണുന്നില്ല. അന്ത്യോഖ്യാ പാത്രിയർക്കീസിനെ Prince Patriarch എന്നു വിശേഷിപ്പിച്ച് സ്വന്തനിലയിൽ സ്വന്തം പേരു വെച്ച ഫ്ളെക്സ് പ്രദർശിപ്പിച്ച് സ്വാഗതമോതുന്നോരോട്, പ്ലീസ്, പ. പാത്രിയർക്കീസ് ബാവായ അപമാനിക്കരുത്. റോമൻ കത്തോലിക്കാ സഭയിലെ വെറും സാമന്തന്മാരായ കർദ്ദിനാൾമാരുടെ നിലവാരത്തിലേയ്ക്ക് അദ്ദേഹത്തെ തരംതാഴ്ത്തരുത്. അദ്ദേഹം അപ്പോസ്തോലിക സിംഹാസനാരൂഢനായ പ്രധാന മേലദ്ധ്യക്ഷന്മാരിൽ ഒരുവനാണ്. കുറഞ്ഞത് അതെങ്കിലും മനസിലാക്കുക.

(*മലങ്കര ഓർത്തഡോക്സ് ടി.വി.*, 29 ജനുവരി 2015)